ലക്കം 2

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## മറ്റൊരുത്തനിലും രക്ഷയില്ല

തന്റെ സ്വന്തം പാപങ്ങളുടെ പരിണിതഫലമായി ചാട്ടവാർകൊണ്ട് അടിയേൽക്കേണ്ടിവന്ന ഒരു യുവാവിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുവാൻ തുടങ്ങി. ലോകത്തിന്റെ മറ്റൊരു ഭാഗത്തു ഒരു വൃദ്ധമാതാവ് താൻ സമ്പാദിച്ച പണമെല്ലാം ഒരു വിഗ്രഹത്തിന് മുമ്പിൽ സമർപ്പിച്ചുകൊണ്ട് മുട്ടുകുത്തി നിന്നു. അതേസമയം ഒരു വൃദ്ധനായ മനുഷ്യൻ, മരിക്കുന്നതിന് മുമ്പ് ഏതെങ്കിലും ഒരു പുണ്യസ്ഥലത്തുചെന്നു ചേരണമെന്നലക്ഷ്യത്തോടെ ദീർഘദൂരം കാൽ നടയാത്ര ചെയ്തുപരിശ്രമിച്ചുവന്നു.

മറ്റൊരു ഭാഗത്തു ഒരു യുവതി, പരിശുദ്ധ വിഗ്രഹത്തിന് മുമ്പിൽ മുട്ടുകുത്തികൊണ്ട് കറുത്തകുപ്പായമണിഞ്ഞ പുരോഹിതന്റെ മുമ്പിൽ തന്റെ പാപക്ഷമയ്ക്കായി യാചിച്ചു നിന്നു. മറ്റുരാജ്യങ്ങളിൽ നൂറ് കണക്കിനാളുകൾ പാപമോചനത്തിനായി അലമുറയിടുന്നു.

ലോകത്തിൽ ഒരു വൻകരയിൽ നല്ല വസ്ത്രം ധരിച്ച ഒരു സ്ത്രീയും പുരുഷനും അവരുടെ രണ്ട് കൊച്ചുകുട്ടികളുമായി അവരുടെ ആഹാരം പാവപ്പെട്ടവരുമായി പങ്കുവയ്ക്കുന്നു.

മറ്റൊരുസ്ഥലത്ത് അവിവാഹിതരായ ഒരു യുവാവും യുവതിയും മദ്യപാനികളായി വെറിക്കൂത്തിൽ ഏർപ്പെട്ടുമുമ്പോട്ടു പോകുന്നു. മറ്റൊരു വശത്ത് അശുദ്ധാത്മാവിന്റെ പിടിയിലായ ഒരു യുവാവ് തന്റെ വാദ്യോപകരണം ഭയങ്കരശബ്ദത്തോടു കൂടി വായിച്ചുകൊണ്ട് നടന്നുപോകുന്നു.

ഒരു ദൂരദേശത്ത് ഒരു പിതാവ് തന്റെ വീട്ടിൽ ഒരു മുറിയിൽ ഇരുന്നുകൊണ്ട് ശാന്തനായി സമാധാനത്തിനായും തന്റെ മന:ശാന്തിക്കായും ധ്യാനനിരതനായി കാണപ്പെട്ടു. മറ്റൊരു രാജ്യത്ത് ചിലർ തങ്ങളുടെ ദൈവത്തിന്




വേണ്ടിയാഗങ്ങളും ഹോമങ്ങളും ചെയ്യുകയും അതിന്റെ പുക ഉയരുമ്പോൾ ദൈവകോപം ശമിച്ച് ശാന്തിയും സമാധാനവും കൈവരുമെന്ന് പ്രത്യാശിച്ചുകൊണ്ടിരുന്നു. ആയിരക്കണക്കിന് മൈയിലുകൾക്കപ്പുറത്തു ഒരു യുവതി തന്റെ ആലയത്തിന്റെ തൂണുകൾക്കരികിൽ നിന്നുകൊണ്ട് അവളുടെ പ്രസംഗകന്റെ കൈപിടിച്ചു കുലുക്കി സംസാരിച്ചുകൊണ്ടിരുന്നു. ഇതുപോലെ ഓരോ രാജ്യത്തിലും വ്യത്യസ്തരായ ജനങ്ങൾ അവരവരുടെ വ്യത്യസ്തമായ നിലയിലും സംസ്കാരത്തിലും വിശ്വാസത്തിലും ഒരു പൊതുവായ വിഷയത്തിനായി പരിശ്രമിക്കുകയാണ്. അവർ എല്ലാവരും അന്വേഷിക്കുന്നത് സമാധാനത്തിനും സന്തോഷത്തിനും ആശനിവർത്തീകരണത്തിനും നിത്യജീവനും വേണ്ടിയാണിതൊക്കെ ചെയ്യുന്നത്. ജനങ്ങൾ അവരുടെ ശൂന്യമായ ആത്മാവിനെ നിറക്കുവാനായി അവരുടെ ജീവിതത്തിലെ എല്ലാ സന്തോഷവും അവരുടെ ഉപദേശഷ്ടാക്കന്മാരോടും പ്രവാചകന്മാരോടും ത്യാഗമനോഭാവത്തോടെയും പള്ളിമേടകളിലും മറ്റും അന്വേഷിക്കുന്നു. അവരുടെ ഹൃദയം ദൈവത്തെ വിട്ട് ദൂരമായിരിക്കുന്നു. എന്ന വസ്തുത അവരറിയാതെ വൃഥാ അന്വേഷണം നടത്തുന്നു (അപ്പൊ. 4: 12). മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിന്റെ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട മറ്റൊരു നാമവുമില്ല.

ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയല്ലാതെയുള്ള ഈലോക മനുഷ്യരുടെ എല്ലാവിധ അന്വേഷണങ്ങളും പരിശ്രമങ്ങളും യാഗകർമ്മങ്ങളും വൃഥാവായിപ്പോകുമെന്നാണ് യാഥാർത്ഥ്യം.


| | | | | |
|---|---|---|---|---|
| മറ്റൊരുത്തനിലും രക്ഷയില്ല | രക്ഷപ്രാപിപ്പാൻ ഞാൻ എന്തുചെയ്യേണം? | ബൈബിൾ പഠനം: പാപം | ചോദ്യവും ഉത്തരവും : ഒരു ക്രിസ്ത്യാനിയ്ക്ക് പാപം ചെയ്യാതെ ജീവിക്കുവാൻ കഴിയുമോ? | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക്: അല്പം ആശ്വസിച്ചുകൊൾവിൻ |
| പേജ് 1 | പേജ് 3 | പേജ് 4-5 | പേജ് 6-7 | പേജ് 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23, 1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17, റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14, 1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28, വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27, യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5, യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18, റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15, ആവർത്തനം 22: 5


**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29, 2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കോസ് 16: 15





# പത്രാധിപലേഖനം

യേശുക്രിസ്തുവിന്റെ രക്തത്താൽ പാപത്തിൽ നിന്നും രക്ഷിക്കപ്പെട്ടതോർത്ത് എന്റെ ഹൃദയം നന്ദിയാൽ നിറയുന്നു. എന്റെ സ്വന്ത കഴിവിനാലോ എന്റെ ശ്രേഷ്ഠതയാലോ അല്ല പ്രത്യുത ദൈവത്തിന്റെ ദയ ഒന്നു മാത്രമാണ് ഞാൻ ഇന്ന് രക്ഷിക്കപ്പെട്ടിരിക്കുന്നത്. വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമെന്നത്, തിരുവെഴുത്തുകളെ ശരിയായി വ്യാഖ്യാനിച്ചുകൊണ്ട് ദൈവിക രക്ഷയെയും ദൈവീക ശക്തിയേയും ജീവിതത്തിൽ അനുഭവിക്കുന്നതാണ്. ദിനംതോറും ഞാൻ പാപക്ഷമ പ്രാപിച്ചുകൊണ്ട് ദൈവപൈതലായി ജീവിക്കുന്നു എന്ന ബോധ്യത്തോടെ ഞാൻ രാത്രിയിൽ കിടക്കയിലേക്ക് പോകുമ്പോൾ ദൈവം എനിക്ക് സുഖനിദ്ര നൽകുന്നു. ഉണർന്നെഴുന്നേൽക്കുന്നതുപോലും ദൈവകൃപയാലാണ്. അല്ലാതെ സ്വയബലത്താലല്ല. എന്തുകൊണ്ടെന്നാൽ ദൈവമാണ് നമ്മുടെ സംരക്ഷകൻ. ഈ ലക്കത്തിൽ ഞാൻ പാപത്തെയും രക്ഷയെയും കുറിച്ചുള്ള ദൈവവചന സത്യങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. തത്ഫലമായി, ദുരുപദേശങ്ങളെ വിട്ടൊഴിഞ്ഞ്, നിങ്ങൾ ശരിയായ ദൈവവചനം ഗ്രഹിച്ചുകൊള്ളേണം എന്നത്രെ എന്റെ ആഗ്രഹം.

നിങ്ങളുടെ പ്രാർത്ഥനയാണ് ഞങ്ങൾക്കുള്ള പിൻബലവും പ്രോത്സാഹനവും. ദൈവിശ്വാസത്തിൽ ഉറപ്പുള്ളവരായി നിൽക്കേണ്ടതിന് എന്റെ ശുശ്രൂഷയിൽ എന്നോടു ചേർന്ന് പോരാടുന്ന കൂട്ടുപ്രവർത്തകരെ ഞാൻ പ്രോത്സാഹിപ്പിക്കാറുണ്ട്. ലോകമാകുന്ന ഈ യുദ്ധക്കളത്തിൽ വിശ്വാസത്തോടെ പ്രാർത്ഥനയിൽ ജാഗരിക്കാം.

**– മൈക്കിൾ ഡബ്ല്യൂ സ്മിത്ത്**

### ഗോസ്പൽ ട്രൂത്ത്

അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.

വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospeltruth.org എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309

# രക്ഷ

**രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം?**

## ആദ്യപടി

**I വിശ്വാസം:** സത്യത്തെ യഥാർത്ഥമായി ഉൾക്കൊണ്ട്, പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് വിശ്വാസത്തിൽ വളരണം.

**അപ്പൊ. 16: 30, 31.** അവരെ പുറത്തുകൊണ്ട് വന്ന്: "യജമാനന്മാരേ, രക്ഷപ്രാപിപ്പാൻ എന്തു ചെയ്യേണം എന്ന് ചോദിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും" എന്നു പറഞ്ഞു.

**യോഹന്നാൻ 3: 16** തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.

**റോമർ 10: 9** യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ച് എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും

**II വിളിച്ചപേക്ഷിക്കുക** – അപേക്ഷിക്കുക; യാചിക്കുക

**റോമർ 10: 13** കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവൻ എല്ലാം രക്ഷിക്കപ്പെടും.

**III ഏറ്റുപറയുക** – കുറ്റമേൽക്കുക, സമ്മതിക്കുക

**റോമർ 10: 10** ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷക്കായി ഏറ്റുപറയുകയും ചെയ്യുന്നു.

**1 യോഹ. 1: 9** നമ്മുടെ പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു

**സദൃശ്യ. 28: 13.** തന്റെ ലംഘനങ്ങളെ മറെക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും.

**IV മാനസാന്തരം –** വ്യത്യസ്ത ദിശയിലേക്ക് തിരിയുക, മനസ്സിനുണ്ടാകുന്ന മാറ്റം, പശ്ചാത്താപം അനുതാപം.

**അപ്പൊ. 3: 19** ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞ്കൊൾവിൻ, എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്ന് ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്ക് മുമ്പ് നിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും.

**2 കൊരി. 7: 10** ദൈവഹിതപ്രകാരമുള്ള ദു:ഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു. ലോകത്തിന്റെ ദുഖമോ മരണത്തെ ഉളവാക്കുന്നു.

**യെശയ്യാ 66: 2** ....എങ്കിലും അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചനത്തിൽ വിറക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.

**V. സ്വീകരിക്കുക:** – കൈകൊള്ളുക.

യോഹ. 1: 12. അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു.

### ഒരു പാപിയുടെ പ്രാർത്ഥന



പ്രിയയേശുവേ, അങ്ങ് ദൈവ പുത്രനെന്നും എന്റെ പാപത്തിനായി താൻ ക്രൂശിൽ മരിച്ച് എന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ എല്ലാവിധ ലംഘനങ്ങളും എന്നോടു ക്ഷമിക്കണമേ. അങ്ങയുടെ രക്തത്താൽ എന്നെ ശുദ്ധീകരിക്കുമാറാകണമേ. അങ്ങയെ എന്റെ സ്വന്തരക്ഷിതാവായി ഞാൻ എന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നു. അനുതാപത്തോടെ ഞാൻ എന്റെ പാപ ജീവിതത്തോടു വിട പറയുന്നു. എന്റെ പ്രാർത്ഥന കേട്ടതിനാൽ നന്ദിയർപ്പിക്കുന്നു. അങ്ങയുടെ നാമത്താലുള്ള വിശ്വാസത്താൽ എന്നെ രക്ഷിക്കണമേ. നിത്യജീവൻ ദാനം നൽകിയതിന് നന്ദി. എന്റെ ജീവിതകർത്താവായി ഞാൻ അങ്ങയെ അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ആമേൻ.

## രണ്ടാമത്തെ പടി

**I. സ്നാനപ്പെടുക** ഒരു വ്യക്തിയുടെ പാപങ്ങൾ കഴുകി ശുദ്ധീകരിച്ചതിനും വീണ്ടും ജനനം പ്രാപിച്ചതിനുമുള്ള ഒരു ബാഹ്യമായ അടയാളമാണ് വെള്ളത്തിൽ പൂർണ്ണമായും മുങ്ങിയുള്ള ജലസ്നാനം

**അപ്പൊ. 2: 37, 38** ... നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ.

**മത്തായി 28: 19** നിങ്ങൾ പുറപ്പെട്ട് പോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം കഴിപ്പിച്ചും.....

**II വീണ്ടെടുപ്പ് :** ഒരിക്കൽ നഷ്ടപ്പെടുകയും പിന്നീട് അതേ ഉടമസ്ഥൻ മടക്കിപ്രാപിക്കുകയും ചെയ്യുന്ന പ്രവൃത്തി

**ലൂക്കോസ് 19: 8, 9** സക്കായി നിന്നുകൊണ്ട് യേശുവിനോട്, കർത്താവേ, എന്റെ വസ്തുവകയിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാല് മടങ്ങു മടക്കികൊടുക്കുന്നുണ്ട് എന്നു പറഞ്ഞു.

**III ക്ഷമിക്കുവീൻ:** കുറ്റസമ്മതമനോഭാവത്തോടെ ഹൃദയപൂർവ്വം ക്ഷമിച്ചാൽ ദൈവശിക്ഷയിൽ നിന്നും രക്ഷപ്രാപിക്കാം.

**മർക്കൊസ് 11: 25, 26** നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ.... അവനോടു ക്ഷമിപ്പീൻ .



## വായനാഭാഗം

**റോമർ 6: 13–18**

നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കയും അരുത്. നിങ്ങളെ ത്തന്നെ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചുകൊൾവീൻ.

നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.

എന്നാൽ എന്തു? ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുത്.

നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ച് പോരുകയും ചെയ്യുന്നവന് ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നെ.

എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു

പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം.

# ബൈബിൾ പഠന സഹായി

## വിഷയം : പാപം

### I. പാപത്തിന്റെ ഉറവിടം

A. റോമർ 5: 12, ഏകമനുഷ്യനാൽ പാപം ലോകത്തിലേക്ക്കടന്നു.

B. റോമർ 5: 19 ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിതീർന്നു.

### II മനുഷ്യന്റെ പാപപ്രകൃതി

A. ഉല്പ. 8: 21 ബാല്യം മുതൽ മനുഷ്യന്റെ നിരൂപണം ദോഷമുള്ളത്.

B. എഫെ. 2: 2–3 മനുഷ്യൻ പാപപ്രകൃതമുള്ളവൻ

C. റോമർ 7: 14, 15 വീണ്ടെടുക്കപ്പെടാത്ത മനുഷ്യൻ പാപത്തിനധീനനായ ജഡീകൻ ആകുന്നു.

D. യിരെമ്യ 17: 9 ദൈവമില്ലാത്ത ഹൃദയം വഞ്ചനയും ദുഷ്ടതയും നിറഞ്ഞതാകുന്നു.

### III പാപത്തിന്റെ ഇരിപ്പിടം

A. മർക്കൊസ് 7: 20–22 മനുഷ്യനിൽ നിന്ന് പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധനാക്കുന്നത്.

B. മത്തായി 15: 18 മനുഷ്യന്റെ ഹൃദയത്തിൽ നിന്നത്രേ പാപം വരുന്നത്.

### IV എല്ലാവരും പാപം ചെയ്തു.

A. റോമർ 3: 23 എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെടുത്തി.

B. റോമർ 3: 9 യെഹൂദനും ജാതിയും ഒരുപോലെ പാപികൾ തന്നെ.

C. 1 യോഹ. 1: 8–10 നമ്മിൽ പാപമില്ല എന്ന് നാം പറയുന്നുവെങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു.

### V. പാപം ചെയ്യുന്നവരെല്ലാവരും പിശാചിന്റെ മക്കൾ.

A. 1 യോഹ. 3: 8 പാപം ചെയ്യുന്നവൻ പിശാചിന്റെ സന്തതി.

### VI. പാപാന്ധകാരത്താൽ പ്രകാശത്തിലേക്ക് പ്രവേശിക്കുവാൻ സാധ്യമല്ല.

A. യോഹ. 15: 22–24 ഇപ്പോഴോ അവരുടെ പാപത്തിന് ഒഴികഴിവില്ല.

B. യോഹ. 9: 41 എന്നാൽ നിങ്ങൾ കാണുന്നു എന്ന് പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നിൽക്കുന്നു.

C. റോമർ 5: 13 എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപം കണക്കിടുന്നില്ല.

### VII. പ്രലോഭനം (പരീക്ഷ) പാപമല്ല

A. മത്തായി 4: 1 യേശു പിശാചിനാൽ പരീക്ഷക്കപ്പെട്ടു.

B. എബ്രായർ 4: 15 പാപമൊഴികെ നമുക്ക് തുല്യനായ പരീക്ഷക്കപ്പെട്ടവൻ

C. യാക്കോബ് 1: 14–15 മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു.

### VIII. പാപത്തിന്റെ ശക്തി

A. റോമർ 7: 14–15 ജഡത്തിന് സ്വയമായി പാപത്തെ ജയിക്കുവാൻ ശക്തിയില്ല.

B. റോമർ 7: 23 ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബന്ധനാക്കിക്കളയുന്നു.

### IX. പാപത്തിന്റെ പരിണിതഫലം

A. യെശ. 59: 2 പാപം ദൈവത്തിൽ നിന്നും നമ്മെ വേർപ്പെടുത്തുന്നു.

B. യാക്കോ. 1: 15 പാപത്തിന്റെ ശമ്പളം മരണം.

C. യോഹ. 8: 34 പാപം ബന്ധനത്തിന് കാരണമാകുന്നു.

**X. പാപത്താലുണ്ടാകുന്ന തിക്താനുഭവങ്ങൾ**

A. യോഹ. 8: 21-24 പാപത്തിൽ മരിച്ചവർക്ക് ക്രിസ്തുവിൽ ജീവിപ്പാനാവില്ല.

B. റോമർ 6: 23 പാപത്തിന്റെ ശമ്പളം മരണം

C. സങ്കീ. 9: 17 ദുഷ്ടൻ പാതാളത്തിലേക്ക് തിരിയുന്നു.

D. മത്തായി 25: 46 നിത്യ ദണ്ഡനം.

E. വെളി. 21: 8 തീപൊയ്കയിലേക്കുള്ള ന്യായവിധി

**XI. ക്രിസ്തുവിന്റെ പ്രായശ്ചിത്ത ക്രൂശു മരണത്തിലൂടെയുള്ള വിടുതൽ**

A. സെഖ. 13: 1 പാപത്താൽ നിന്നുമുള്ള ശുദ്ധീകരണത്തിന്റെ പ്രവചനം

B. മത്തായി 1: 21പാപത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാനുള്ള യേശുവിന്റെ ജനനം

C. റോമർ 5: 10-12 ക്രിസ്തുവിന്റെ നിരപ്പ് ശുശ്രൂഷ

D. 1 യോഹ. 4: 10 നമ്മുടെ പാപങ്ങൾക്ക് യേശു പ്രായശ്ചിത്തമായിത്തീർന്നു.

E. എബ്രാ. 9: 26 അവൻ ലോകാവസനത്തിങ്കൽ സ്വന്തയാഗം കൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി

F. 1 യോഹ. 3: 5 യേശുവന്നത് നമ്മുടെ പാപങ്ങളുടെ മോചനത്തിനായത്രെ.

**XIII പാപം ചെയ്യാതെ ജീവിക്കുവാനുള്ള നിർദ്ദേശങ്ങൾ**

A. യോഹ. 8: 11 സമാധാനത്തോടെ പോക, ഇനി പാപം ചെയ്യരുത് (യോഹ. 5: 14)

B. റോമർ 6: 12 പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഇനി വാഴരുത്.

C. 1 കൊരി. 15: 34, പാപം ചെയ്യരുത്.

**XIV. പാപം ചെയ്യാതെ ജീവിക്കുവാൻ സഹായിക്കുന്ന ശക്തി.**

A. 2 കൊരി. 5: 17 പഴയത് സകലതും കഴിഞ്ഞുപോയി.

B. 1 യോഹ. 5: 18 ദൈവത്തിൽ നിന്നും ജനിച്ചവൻ പാപം ചെയ്യില്ല.

C. 1 യോഹ. 1: 7 യേശുവിന്റെ രക്തം നമ്മുടെ സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

D. യോഹ. 8: 36 പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രൻ ആകും.

E. റോമർ 6: 13-18 പാപം നിങ്ങളിൽ വാഴരുത്.

F. തീത്തൊ. 2: 11-12 ലോകത്തിൽ നാം സുബോധത്തോടെയും ദൈവഭക്തിയോടെയും നീതിയോടെയും ജീവിക്കുക.

G. 1 പത്രോസ് 2: 21-22 ക്രിസ്തുവും നിങ്ങൾക്കായി കഷ്ടം അനുഭവിച്ച്, നിങ്ങൾ അവന്റെ കാൽചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ച് പോയിരിക്കുന്നു.

## പാപത്തിന്റെ നിർവ്വചനങ്ങൾ

**(പുതിയ നിയമം)**



1. ന്യായപ്രമാണത്തിന്റെ ലംഘനമാണ് പാപം
   1 യോഹ. 3: 4

2. എല്ലാ അനീതിയും പാപമത്രെ
   1 യോഹ. 5: 17

3. നന്മ ചെയ്യാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ
   യാക്കോ. 4: 17

4. വിശ്വാസത്തിൽ നിന്നും ഉത്ഭവിക്കാത്തതു എല്ലാം പാപം തന്നെ
   റോമർ 14: 23

# ചോദ്യവും ഉത്തരവും

**ചോദ്യം :** എല്ലാവരും പാപം ചെയ്യുന്നവരാകുന്നു എന്ന് ക്രിസ്ത്യാനികൾ തന്നെ പറയുന്നു. ക്രിസ്ത്യാനിക്ക് പാപം ചെയ്യാതെ ജീവിക്കുവാൻ കഴിയുമോ?

**ഉത്തരം :** തീർച്ചയായും കഴിയും. ക്രിസ്ത്യാനി പാപം ചെയ്യരുത് എന്നു മാത്രമല്ല; പാപം ഇല്ലാത്ത ജീവിതവും നയിക്കണം. ഇത് ഒരുവന്റെ കഴിവിനാലോ ശക്തിയാലോ സാധിക്കുകയില്ല. ഒരു വ്യക്തിയെ പാപമില്ലാതെ ജീവിക്കുവാൻ പ്രാപ്തമാക്കുവാൻ യേശുക്രിസ്തുവിൽ കൂടി ലഭിക്കുന്ന ദൈവശക്തിക്കു മാത്രമേ കഴിയൂ. പാപം എന്ന പദം വിവിധ നിലയിൽ ഉപയോഗിച്ചിരിക്കുന്നതിനാൽ അതിന്റെ വളർച്ചയുടെ തലങ്ങളും, തെറ്റും പാപവും തമ്മിലുള്ള വ്യത്യാസവും നാം മനസ്സിലാക്കിയിരിക്കണം.

**എല്ലാവരും പാപം ചെയ്തു.**

ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോമ. 3: 23). എല്ലാവരും പാപികൾആയിരുന്നു. അതു കാരണം ജഡത്തിന്റെ പാപസ്വഭാവത്തെ അതിജീവിക്കുവാനുള്ള ശക്തി ഒരു വ്യക്തിയിലും ഇല്ല. മോശെ മുഖാന്തരം ന്യായപ്രാണം നല്കിയത് മനുഷ്യനിലെ പാപ സ്വഭാവത്തെ വെളിപ്പെടുത്തുവാൻ ആയിരുന്നു. ന്യായപ്രമാണത്തിന്റെ കീഴിൽ ആയിരിക്കുമ്പോൾ തന്നെ അവർ ദൈവമുമ്പാകെ ലംഘനങ്ങളെ ചെയ്തുകൊണ്ടേയിരുന്നു. പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്ന യാഗങ്ങളെ ആണ്ടുതോറും അവർ അർപ്പിച്ചു. എന്നാൽ കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന് പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല (എബ്രാ. 10:4).

**ന്യായപ്രമാണം പൂർണ്ണം അല്ലായിരുന്നു.**

ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാതിരുന്നതിനെ സാധിക്കുവാൻ ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു (റോമ. 8: 3). പാപത്തിന്റെ ആധിപത്യത്തിൽ നിന്ന് മനുഷ്യനെ വിടുവിക്കുവാൻ യേശുക്രിസ്തു ജഡശരീരം സ്വീകരിച്ച് ലോകത്തിലേക്ക് വരുകയും, നമ്മുടെ പാപ പരിഹാരത്തിനായി രക്തം ചിന്തി ക്രൂശിൽ മരിച്ചിട്ട് ഉയർത്തെഴുന്നേറ്റു." അവന്റെ (ദൈവത്തിന്റെ) പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ. 1: 7). അതിനാൽ ആദിമുതൽ ചെയ്തു വന്ന പിശാചിന്റെ പ്രവർത്തികളെ അഴിക്കുവാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി (1 യോഹ. 3: 8). ന്യായപ്രമാണത്താൽ മനുഷ്യന് സാധിക്കാതിരുന്നത് (പാപമോചനം) യേശുക്രിസ്തു നേടി തന്നു. എന്നിട്ടും ന്യായപ്രമാണത്തിൻ കീഴിൽ എന്നപോലെ




മനുഷ്യൻ ക്രിസ്തുവിനോടുകൂടി ജീവിച്ചിട്ട് പാപസ്വഭാവത്തിൽ ജീവിക്കുന്നു എങ്കിൽ യേശു ചൊരിഞ്ഞ രക്തത്തിന്റെ ആവശ്യം എന്ത്?

**പാപത്തിന്റെ ശക്തിയിൽ നിന്നും യേശുക്രിസ്തു രക്ഷിക്കുന്നു.**

വീണ്ടും ജനനം പ്രാപിച്ച വ്യക്തികളെ പാപത്തിന്റെ സ്വാധീന ശക്തിയിൽ നിന്ന് യേശുവിടുവിച്ച് രക്ഷിക്കുന്നു എന്ന് ധാരാളം ബൈബിൾ വാക്യങ്ങൾ സമർത്ഥിക്കുന്നുണ്ട്. "അവൻ (യേശു) തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കും" (മത്താ. 1: 21). നിങ്ങൾ (യഥാർത്ഥ ക്രിസ്ത്യാനി) ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങൾ കർത്തൃത്വം നടത്തുകയില്ല. എന്നാലെന്ത്? ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ നാം പാപം ചെയ്യുക എന്നോ? ഒരുനാളും അരുത്" (റോമ. 6: 14-15). ഒരുവൻ ദൈവവചനം ഹൃദയത്തിൽ ഉൾക്കൊണ്ട് അനുസരിക്കുമ്പോൾ അയാളുടെ പാപം ക്ഷമിക്കപ്പെടുക മാത്രമല്ല, പാപത്തിന്റെ സ്വാധീന ശക്തിയിൽ നിന്ന് മോചിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ മോചനമാണ് രക്ഷയുടെ കാതൽ.

**പോകുക ഇനി പാപം ചെയ്യരുത്.**

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ യോട് യേശു പറഞ്ഞത് "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോകുക ഇനി പാപം ചെയ്യരുത്" എന്നാണ്. ദൈവവചനം വീണ്ടും നമ്മെ പഠിപ്പിക്കുന്നത് "ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ അവനു പാപം ചെയ്യുവാൻ കഴിയുകയുമില്ല. ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു" (1 യോഹ. 3:9). മനുഷ്യ വർഗ്ഗത്തിന് പാപത്തിൽ നിന്ന് പിൻതിരിയുവാൻ യേശുക്രിസ്തുവിന്റെ രക്തത്താലും കൃപയാലും ശക്തി ലഭിക്കുന്നു. യേശുക്രിസ്തുവിന്റെ ശക്തിയാൽ രക്ഷിക്കപ്പെടുമ്പോൾ ഒരുവന് അത്ഭുതകരമായ മാറ്റം ഉണ്ടാകുന്നു. അതായത് "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി. ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു" (2 കൊരി. 15: 17). ഒരു ക്രിസ്ത്യാനിക്ക് - ക്രിസ്തു ശിഷ്യന് അവന്റെ കാൽചുവട് പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. നാം പാപം സംബന്ധിച്ചു മരിച്ച് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി" (1 പത്രോ. 2: 21, 24). പക്ഷേ മതം അനീതിക്കു കൂട്ടു നിന്നതിനാൽ ഈ ഉപദേശ സത്യത്തെ മുക്കിക്കളഞ്ഞു.

**തെറ്റുകൾ പാപമാണോ?**

എന്നാൽ ഒരു ക്രിസ്ത്യാനി പാപം ചെയ്യുകയോ തെറ്റ് ചെയ്യുകയോ ഇല്ലേ; എന്ന ചോദ്യം ഇവിടെ വരുന്നു. അതിനാൽ പാപത്തിന്റെ നിർവ്വചനം എന്ത് എന്ന് നാം മനസ്സിലാക്കിയിരിക്കണം. പാപത്തെ കീഴ്പ്പെടുത്തുവാൻ ക്രിസ്തു നൽകുന്ന ശക്തിയിൽ നിന്ന് പിന്മാറി പാപത്തിനെ അനുഗമിക്കുവാൻ ക്രിസ്ത്യാനിക്ക് കഴിയും. പക്ഷേ അപ്പോൾ മുതൽ അയാൾ ക്രിസ്ത്യാനി ആയിരിക്കുകയില്ല. അതിനാൽ ദൈവവചനത്തിൽ കാണുന്നതുപോലെ ക്രിസ്ത്യാനിക്ക് പാപം ചെയ്യാതെ ജീവിക്കുവാനുള്ള കൃപയും ശക്തിയും ഉണ്ടായിരിക്കണം.

**ക്രിസ്തീയ വളർച്ച**

നാം ക്രിസ്തുവിന്റെ അനുയായികൾ

ആയിരിക്കുമ്പോൾ തന്നെ മനുഷ്യരുമാണ്. അതിനാൽ തെറ്റുകൾ ചെയ്യുകയും ജ്ഞാനത്തിൽ കുറവുള്ളവരും ആയിരിക്കുന്നു. എങ്കിലും ക്രിസ്തുവിന്റെ കൃപയുടെ അത്യന്തശക്തിയും ആത്മാവിന്റെ ഫലവും ലഭിച്ച് വളർച്ച പ്രാപിക്കണം. ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവാനാണ്" (2 പത്രോ. 3: 18). ദൈവീകമായ കാര്യങ്ങളിൽ ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാനുള്ള വളർച്ചയുടെ പാതയാണ് ക്രിസ്ത്യാനിക്ക് ഉള്ളത്. ക്രിസ്ത്യാനിയിൽ ഉണ്ടായിരിക്കേണ്ടതായ സഹിഷ്ണതയും സന്തോഷവും ഇല്ലാത്ത സന്ദർഭങ്ങൾ ഉണ്ടായാലും പാപം ചെയ്യുകയല്ല, പ്രത്യുത അത്തരം സന്ദർഭങ്ങളിൽ ക്രിസ്തുവിന്റെ അടുക്കൽ ചെന്ന് കൂടുതൽ ശക്തിയും കൃപയും പ്രാപിക്കുകയാണ് വേണ്ടത്.

### ഹൃദയം ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്ത്യാനിയുടെ ഹൃദയം ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ഏകചിന്തയാൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വചനം കേട്ടവർക്ക് അത് ഉപകാരമായി വരാതെ പരീക്ഷിക്കപ്പെടുന്ന സന്ദർഭങ്ങൾ (എബ്രാ. 4: 1) ഉണ്ടായാൽ പാപത്തിന് വഴങ്ങാതെ യേശുവിനെപ്പോലെ അതിനെ അതിജീവിക്കണം. ചിലർ ധരിച്ചിരിക്കുന്നതുപോലെ പരീക്ഷ പാപം അല്ല. മനസ്സിലേക്ക് വരുന്ന ചിന്തകളെ നിയന്ത്രിക്കുവാൻ മനുഷ്യന് കഴിയുകയില്ല. എന്നാൽ ദൈവകൃപകൊണ്ട് പരീക്ഷയുടെ പാപപ്രവർത്തിയിൽ നിന്ന് മാറി നില്ക്കുവാൻ ക്രിസ്ത്യാനിക്ക് കഴിയും.

### പാപം ഭിന്നത ഉളവാക്കുന്നു.

യെശയ്യാ പ്രവാചകൻ പറയുന്നത് നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെ വണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറക്കുമാറാക്കിയത് (59: 2) എന്നാണ്. അഹങ്കാരമുള്ള ഹൃദയത്തിൽ നിന്ന് ന്യായീകരിക്കാത്ത പക്ഷം തെറ്റുകൾ ദൈവ മുമ്പാകെ പാപം ആകുന്നില്ല. മോശെയ്ക്കു നൽകിയ കല്പനയിൽ കൂടി ദൈവം തന്റെ ധാർമ്മിക നിയമങ്ങൾ നൽകി. അതിൻ പ്രകാരം യേശുക്രിസ്തു തന്റെ ജീവിതത്തിലെ ധാർമ്മിക മൂല്യങ്ങൾ ഉയർത്തി കാണിക്കുകയും, മാത്രവുമല്ല ഹൃദയത്തിന്റെ സ്ഥിതി എങ്ങനെ ആയിരിക്കണമെന്ന് മലമുകളിലെ പ്രസംഗത്തിൽ പഠിപ്പിക്കുകയും ചെയ്തു (മത്താ. 5–7).



### പാപത്തിന്റെ നിർവ്വചനം

പുതിയ നിയമത്തിൽ മനുഷ്യനെ ദൈവീക കൂട്ടായ്മയിൽ നിന്ന് അകറ്റുന്ന പാപങ്ങൾക്ക് പ്രാഥമീകമായി നാല് നിർവ്വചനങ്ങൾ നൽകുന്നുണ്ട്

1. ഏത് അനീതിയും പാപം ആകുന്നു (1 യോഹ. 5: 17). 2. പാപം അധർമ്മം തന്നെ (1 യോഹ. 3: 4). 3. നന്മ ചെയ്യുവാനറിഞ്ഞിട്ടും ചെയ്യാ ത്തവന് അത് പാപം തന്നെ (യാക്കോ. 4: 17). 4. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ (റോമ. 14: 23). ദൈവത്തിന്റെ യഥാർത്ഥ പൈതൽ ഈ പ്രമാണങ്ങളെ ലംഘിക്കാതെ ജീവിക്കും.

### പാപത്തെ എതിർക്കുവാനുള്ള ശക്തി:

യിസ്രായേൽ മോശെയുടെ ന്യായപ്രമാണത്തെ ലംഘിച്ചു എങ്കിൽ, ക്രിസ്ത്യാനിക്ക്, ക്രിസ്തുവിൽ കൂടെ നൽകപ്പെടുന്ന ദൈവശക്തിയാൽ, ദൈവീക ധാർമ്മിക മൂല്യങ്ങളെ അനുസരിച്ച് ജീവിക്കുവാൻ സാധിക്കും. ക്രിസ്ത്യാനി കള്ളം, മോഷണം, ചതി, കൊല, വ്യഭിചാരം മുതലായവ ചെയ്താൽ അയാൾ ഒരു നിലയിലും ക്രിസ്ത്യാനി എന്ന പദവിക്ക് അർഹമല്ല; മാത്രവുമല്ല യഥാർത്ഥ ക്രിസ്ത്യാനിക്ക് ഇവയൊന്നും ചെയ്യേണ്ട ആവശ്യവുമില്ല. ദൈവ മുമ്പാകെ ശുദ്ധമായിരിക്കുന്ന ഹൃദയത്തിൽ നിശ്ചയമായും വ്യാജം പറയുവാനും മോഷ്ടിക്കുവാനും ഒക്കെ പ്രേരണ ഉണ്ടാകും; പക്ഷേ ആ പ്രേരണ എല്ലാം കീഴടക്കുവാൻ ദൈവത്തോടുള്ള അനുസരണം മുഖാന്തരം കീഴടക്കുവാൻ ശക്തി ലഭിക്കും. അതുകൊണ്ട് പ്രമാണങ്ങളുടെ ലംഘനമോ അനീതിയോ ഹൃദയത്തിലെ പ്രേരണ മുഖാന്തരം ഉണ്ടാകുന്നില്ല. ദൈവീക പ്രമാണം എന്ത് ആവശ്യപ്പെടുന്നു എന്ന് അറിഞ്ഞിട്ട് മന:പൂർവ്വം അത് അവഗണിക്കുന്നത് പാപമാണ്. കാരണം ശരി എന്ത് എന്ന് അയാൾ അറിഞ്ഞിട്ടും തെരഞ്ഞെടുത്തത് അനുസരണക്കേടാണ്. ഇത്തരം പ്രവൃത്തി വിശ്വാസത്തിൽ നിന്നും വരുന്നതല്ല. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതെല്ലാം പാപം. ക്രിസ്ത്യാനി വിശ്വാസത്തിന് അനുസൃതമായി ജീവിക്കുകയും ദൈവത്തിന്റെ ധാർമ്മിക നിയമത്തെ സ്നേഹിച്ച് അത് പ്രായോഗികമാക്കുകയും ചെയ്യണം.

### രക്ഷ മാറ്റം ഉണ്ടാക്കുന്നു.

രക്ഷ വ്യത്യാസം വരുത്തുന്നു. ദൈവത്തിൽ നിന്നും അകറ്റുന്ന പാപത്തിനോട് "സാദ്ധ്യമല്ല/ഇല്ല" എന്നു പറയുവാൻ രക്ഷ സഹായിക്കുന്നു. മനുഷ്യന് ദൈവത്തോട് കൂടുതൽ അടുക്കുവാനും ആത്മാവിൽ വളരെ ഫലം പുറപ്പെടുവിക്കുവാനും രക്ഷ സഹായകമാകുന്നു. മനുഷ്യനിലെ പോരായ്മകൾ പാപം അല്ല; എങ്കിലും അവന്റെ ഹൃദയം ദൈവമുമ്പാകെ ശുദ്ധവും ശരിയും ആയിരിക്കുമ്പോൾ പോരായ്മകൾ നികത്തപ്പെടുന്നു.

ദൈവത്തിന്റെ കൃപ നമ്മെ താങ്ങുകയും സഹനത്തിന്റെയും പരിശോധനയുടെയും മദ്ധ്യത്തിൽ വിജയം നൽകുകയും ചെയ്യുന്നു. പാപം ചെയ്യാതെ ജീവിക്കുവാൻ ദൈവം നൽകുന്ന ശക്തിക്കായി നന്ദി അർപ്പിക്കുക.

Printed matter only
**MALAYALAM EDITION**


## നിങ്ങൾക്കറിയാമോ?

ബുക്ക് എന്ന അർത്ഥം വരുന്ന ബിബ്ലിയ എന്ന ഗ്രീക്ക് പദത്തിൽ നിന്നും ബൈബിൾ എന്ന പദം വരുന്നു.

ബൈബിളിൽ 66 പുസ്തകങ്ങളും 1189 അദ്ധ്യായങ്ങളും അടങ്ങിയിരിക്കുന്നു.

പഴയനിയമം 39 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നതാണ്.

പുതിയനിയമം 27 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നതാണ്.



പുതിയ നിയമത്തിൽ 14 പുസ്തകങ്ങൾ അപ്പൊസ്തലനായ പൗലൊസ് എഴുതിയതാണ്.

പഴയ നിയമം എബ്രായ ഭാഷയിൽ എഴുതപ്പെട്ടു.

പുതിയ നിയമം ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ടു.

Testament (നിയമം) എന്ന പദത്തിന് ഉടമ്പടി / കരാർ എന്നാണ് അർത്ഥം.

സന്ദർശിക്കുക

www.thegospeltruth.org

*Contact:*

The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**

പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവനാമം മഹത്വപ്പെടട്ടെ

തക്കസമയത്ത് പറഞ്ഞ വാക്ക്

# അല്പം ആശ്വസിച്ചുകൊള്ളുക

വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്ക് ഭക്ഷിപ്പാൻ പോലും സമയം ഇല്ലായ്കകൊണ്ട് അവൻ അവരോട് ; നിങ്ങൾ ഒരു ഏകാന്ത സ്ഥലത്തു വേറിട്ടു വന്ന് അലപം ആശ്വസിച്ചു കൊള്ളുവിൻ എന്നു പറഞ്ഞു" (മർക്കോ. 6: 31).

യേശുവും അവിടുത്തെ ശിഷ്യന്മാരും ദൈവരാജ്യത്തിന്റെ പുരോഗതിക്കായി സുവിശേഷം പ്രചരിപ്പിക്കുന്നതിൽ വളരെ തിരക്കുള്ളവർ ആയിരുന്നു. യോഹന്നാൻ സ്നാപകന്റെ ശിരസ്സ് ഛേദിക്കപ്പെട്ടു എന്ന് അവർ കേട്ടപ്പോൾ വളരെ ദു:ഖം ഉണ്ടായി. അത് അവരുടെ ആത്മീയ പ്രവർത്തനങ്ങളെ ക്ഷീണിപ്പിക്കുകയും തളർത്തുകയും ചെയ്തു.



ജനമദ്ധ്യത്തിൽ തിരക്കുള്ള അവരുടെ വിവിധ പ്രവർത്തനങ്ങളിൽ നിന്ന് വേറിട്ട് അല്പം വിശ്രമിക്കുവാൻ യേശു അവരെ ക്ഷണിച്ചു. കാരണം "അവൻ നമ്മുടെ പ്രകൃതി അറിയുന്നു; നാം പൊടി എന്ന് അവൻ ഓർക്കുന്നു" (സങ്കീ. 103: 14). ജീവിതത്തിലെ സമ്മർദ്ദങ്ങളിൽ നിന്ന് ഒഴിഞ്ഞ് വിശ്രമിക്കേണ്ടതിന്റെ പ്രാധാന്യം യേശുവിന് അറിയാമായിരുന്നു.

ആത്മാർത്ഥതയുള്ള ശുശ്രൂഷകന്മാരും സുവിശേഷകന്മാരും അവർക്ക് ചുറ്റുമുള്ള ജനങ്ങളെക്കുറിച്ച് വലിയ ആത്മഭാരമുള്ളവർ ആയിരിക്കും. ആവശ്യങ്ങളും ഉത്തരവാദിത്വഭാരങ്ങളും കവിഞ്ഞു വരുമ്പോൾ ഒരു ചെറിയ ഉറക്കം ആത്മീയമായി നല്ലകാര്യമാണ് എന്ന് മുതിർന്ന ഒരു ശുശ്രൂഷകൻ പറയുക ഉണ്ടായി.

ദൈവത്തിന്റെ വേല നല്ലതുപോലെ ആദായമാകുവാൻ ശുശ്രൂഷകന്മാർ വിശ്രമത്തിനും സുഖത്തിനും അല്പ സമയം എടുക്കണം. കാരണം ദൈവം അവരെ എല്പിച്ചിരിക്കുന്ന വേലയുടെ പ്രാധാന്യവും അത് ചെയ്തു തീർക്കേണ്ടതിന്റെ ഉത്തരവാദിത്വവും മുഖാന്തരം അനേകം ശുശ്രൂഷകന്മാർ മാനസികമായി തകർന്ന് ആരോഗ്യം ക്ഷയിച്ചിട്ടുണ്ട്. അതിനാൽ സാധാരണയുള്ള പ്രവർത്തന ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞ് ഒരു ഏകാന്ത സ്ഥലത്ത് ചില ദിവസങ്ങളോ ആഴ്ചകളോ വിശ്രമിച്ച് ഒരു നവീകരണവും പുതുക്കവും പ്രാപിക്കണം. അത് കർത്താവിന്റെ വേലക്ക് പുതിയ ദർശനവും, പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം പുനരാവിഷ്കരിക്കുവാനും സഹായിക്കും. വിശ്രമിക്കുമ്പോൾ മനസ്സ് തെളിയുകയും കൂടുതൽ പ്രവർത്തിക്കുവാൻ സഹായകമാകുകയും ചെയ്യും.

അതുകൊണ്ട് കർത്താവ് ചെയ്തതുപോലെ കുറച്ചു സമയം വേറിട്ടു വിശ്രമിക്കുന്നത് ഒഴിച്ചു കൂടാനാവാത്ത ഒരു കാര്യമെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**